**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3491** **12-03-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്. 100ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്.ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടിൽ, തൊണ്ട് കുഴിച്ചിടിൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.<br><br>**കേരഗ്രാമം ഒന്നാം വർഷം** (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം) - താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.<br><br>1. **സംയോജിത പരിചരണ മുറകൾ** സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs..19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു<br><br>കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന പ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/ പ്രവർത്തനങ്ങൾ |

തെരെഞ്ഞെടുക്കാവുന്നതാണ് .ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു

a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടിൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് അടുക്കൽ - 90 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000രൂപ/ ഹെക്ടറിന്

(d) സംയോജിതവളപ്രയോഗം

i) കുമ്മായം -9രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ, - 20രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ്

iv) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യ സംരക്ഷണം

i) സസ്യസംരക്ഷണം - 10രൂപ/തെങ്ങ്

ii) കുനാശിനി പ്രയോഗം (ആവശ്യാനുസരണം )

ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് -75രൂപ/തെങ്ങ്

f) രോഗംബാധിച്ചതുംഉൽപ്പാദനശേഷിനശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000രൂപ/ തെങ്ങ്

g) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യ മുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/-രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

| | | | |
|---|---|---|---|
| | | | 7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.<br><br>8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേർസ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം.<br><br>പരിചരണമുറകൾക്കായി 19.2ലക്ഷം രൂപയും 2 മുതൽ 7-വരെ ഉള്ള ഘടകങ്ങൾക്കു 6.47-ലക്ഷം രൂപയും നൽകുന്നു. ആകെ 25.67-ലക്ഷം രൂപ ഒന്നാംവർഷം ഒരുകേരഗ്രാമത്തിനു നൽകുന്നു .<br><br>**കേരഗ്രാമംരണ്ടാംവർഷം:**<br><br>രണ്ടാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം & സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.<br><br>**കേരഗ്രാമംമൂന്നാംവർഷം:**<br><br>മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4 .00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു. |
| (ബി) | അരൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അരൂർ മണ്ഡലത്തിലെ പാണാവള്ളി , അരൂക്കുറ്റി , ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തുകളിൽ ആണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് തുടർന്ന് വരുന്ന വർഷങ്ങളിൽ എന്തെല്ലാം ആനുകൂല്യങ്ങൾ/പദ്ധതികളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (സി) | കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് തുടർന്ന് വരുന്ന വർഷങ്ങളിൽ താഴെ പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**കേരഗ്രാമം രണ്ടാംവർഷം:**<br><br>ഒന്നാം വർഷ കേരഗ്രാമം പ്രദേശത്ത് രണ്ടാം വർഷം മേൽപറഞ്ഞ സംയോജിത വള പ്രയോഗം & സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.<br><br>**കേരഗ്രാമം മൂന്നാംവർഷം:**<br><br>ഒന്നാം വർഷ കേരഗ്രാമം പ്രദേശത്ത് മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4.00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ